**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 754** **30/01/2019-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിനുപുറത്ത് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ സ്കോളർഷിപ്പ് നൽകാൻ കഴിയില്ലെന്ന വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ ; | (എ) | കേരളത്തിനു പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ / കേന്ദ്ര യൂണിവേഴ്സിറ്റികൾ / ബോർഡുകൾ എന്നിവ നടത്തുന്ന നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേന അഡ്മിഷൻ ലഭ്യമാകുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേന അല്ലാതെ ഇത്തരം സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ ആനുകൂല്യമാണ് അനുവദിച്ച് വരുന്നത്. |
| (ബി) | കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ കേരളത്തിനു പുറത്ത് ഉന്നത വിദ്യാഭ്യാസം നടത്തിയതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്കോളർഷിപ്പിന് അപേക്ഷിച്ച എത്ര വിദ്യാർത്ഥികൾ ഉണ്ട്; ഇതിൽ എത്രപേർക്ക് ആനുകൂല്യം നിഷേധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | കേരളത്തിനു പുറത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിൽ ആനുകൂല്യത്തിനായി സംസ്ഥാനത്ത് ആകെ 154 വിദ്യാർത്ഥികൾ അപേക്ഷിക്കുകയും ആവശ്യമായ രേഖകളുടെ വിശദ പരിശോധന നടത്തി ഇതുവരെ 40 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ഇല്ലാത്ത 113 അപേക്ഷകളിൽ, നിശ്ചിത രേഖകൾ ഹാജരാക്കുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട വരുമാന പരിധിയായ 2.5 ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള ഒരു അപേക്ഷ മാത്രം നിരസിച്ചിട്ടുണ്ട്. |
| (സി) | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പായ സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ (CSS) കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലുള്ള ഈ നിർദ്ദേശം ഒഴിവാക്കി പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കുമോ? | (സി) | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായ സെന്ട്രലി സ്പോൺസേഡ് സ്കീമിന്റെ മാർഗ്ഗ നിർദ്ദേശം ഒഴിവാക്കുവാൻ സംസ്ഥാന സർക്കാരിനു കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ